## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **01-02-2023 - ൽ മറുപടിയ്ക്ക്**

## ഭക്ഷ്യസുരക്ഷാ ലൈസൻസ് ഫീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം, സംഭരണം, വിൽപ്പന എന്നിവ നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാണോ; | (എ) | 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരം ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം/ സംഭരണം/ വിതരണം/ വിൽപന തുടങ്ങിയവയുമായി ബന്ധപ്പെട്ട എല്ലാ ഭക്ഷ്യ സംരംഭകരും ഭക്ഷ്യ സുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. |
| (ബി) | ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം, സംഭരണം, വിൽപ്പന എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നാണ് സർക്കാർ കണക്കാക്കിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിന്നും 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിയ്ക്കുന്നുണ്ട് . |
| (സി) | ഇതിൽ രജിസ്ട്രേഷനും ലൈസൻസും നേടിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം എത്ര വീതം ആണെന്ന് അറിയിക്കുമോ; | (സി) | സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിന്നും 343302 സ്ഥാപനങ്ങൾ രജിസ്ട്രേഷൻ നേടിയും 45173 സ്ഥാപനങ്ങൾ ലൈസൻസ് നേടിയും പ്രവർത്തിയ്ക്കുന്നുണ്ട് . |
| (ഡി) | ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും ലൈസൻസിനുമായി സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്ന ഫീസുകളുടെ വിശദാംശം ലഭ്യമാക്കുമോ; അടയ്ക്കുന്ന വേളയിൽ എത്ര കാലയളവിലേക്കുള്ള ഫീസ് ആണ് ഓരോ സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ; | (ഡി) | പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ വെബ്സൈറ്റ് ആയ foscos.fssai.gov.in മുഖാന്തിരം അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് യോഗ്യമാണെങ്കിൽ അപേക്ഷകന് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിൽ നിന്നും ലൈസൻസ്/ രജിസ്ട്രേഷൻ നൽകിവരികയും ചെയ്യുന്നു.<br><br>ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിരിക്കുന്നത്. ഒന്നിച്ച് ഫീസടച്ച് പരമാവധി 5 വർഷത്തെയ്ക്ക് രജിസ്ട്രേഷൻ നേടാവുന്നതാണ്. എന്നാൽ ലൈസൻസ് നിലവിലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് മാത്രമാണ് അനുവദിയ്ക്കുന്നത്. |
| (ഇ) | ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ച് ജീവിതമാർഗം കണ്ടെത്താൻ ആഗ്രഹിക്കുന്നവർക്ക് ഇത്തരത്തിൽ തുടക്കത്തിലേ വൻ തുകകൾ ഫീസിനത്തിൽ അടയ്ക്കേണ്ടി വരുന്നത് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ / ലൈസൻസ് എന്നിവയുടെ ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ഫീസിളവ് സംബന്ധിച്ച തീരുമാനം കേന്ദ്ര ഭക്ഷ്യ സുരക്ഷ അതോറിറ്റി തലത്തിലാണ് എടുക്കേണ്ടത്. |
| (എഫ്) | എങ്കിൽ ചെറുകിട സംരംഭകരുടെ കാര്യത്തിൽ ഫീസുകളിൽ ഇളവ് വരുത്തി ഇത്തരക്കാരെ കൂടി രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയാണ് ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷൻ / ലൈസൻസ് എന്നിവയുടെ ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷന് 100/- രൂപയും ലൈസൻസിന് 2000/- രൂപയുമാണ് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി ഫീസായി നിശ്ചയിച്ചിരിക്കുന്നത്. പ്രതിവർഷം 12 ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ രജിസ്ട്രേഷനും 12 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള ഭക്ഷ്യ സംരംഭകർ ഭക്ഷ്യ സുരക്ഷാ ലൈസൻസും എടുത്തിരിക്കണമെന്ന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിച്ചിട്ടുണ്ട്. ഫീസിളവ് സംബന്ധിച്ച തീരുമാനം കേന്ദ്ര ഭക്ഷ്യ സുരക്ഷ അതോറിറ്റി തലത്തിലാണ് എടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ